GOVERNMENT L. P. SCHOOL

TRUTH WISDOM FAITH


KAZHIVOOR, MOOLAKKARA

Scanned with CamScanner



# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26



Scanned with CamScanner

# ആമുഖം

നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. വിദ്യാർത്ഥികളുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സജ്ജമായി മാറ്റിയെടുക്കുന്നതിനായി വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി ശ്രമിക്കണം.

പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും. കുട്ടികളുടെ പഠന വിടവുകൾ നികത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

Scanned with CamScanner

# ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കല, കായിക, പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നവരായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

Scanned with CamScanner

## ആമുഖം

## മലയാളം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവിന്റെയും അധ്യാപകരുടെയും ലക്ഷ്യം. എഴുത്ത്, വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വന്തമായ പ്രതികരണങ്ങൾ സംയുക്ത ഡയറി എന്നിങ്ങനെ വിവിധ മേഖലകളിൽ കുട്ടി കൈവരിക്കേണ്ടതുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകൾ ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻനിർത്തി ഓരോ മാസവും വിവിധ പ്രവർത്തന ഘട്ടങ്ങളിലൂടെ കുട്ടി എത്തിച്ചേരുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ള വിവിധ പദ്ധതികൾ വിലയിരുത്തുന്നതിന് സാധ്യത ഒരുക്കിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

Scanned with CamScanner

## ജൂൺ

- സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണം
- താളാത്മകമായി ചെറു കവിതകൾ ചൊല്ലാൻ അവസരം
- കുട്ടിക്കഥകൾ കേൾക്കാൻ അവസരം

## ജൂലൈ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
- കുട്ടിക്ക് കഥ പറയാൻ അവസരം
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷര പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനക്ക് അവസരം നൽകുന്നു.

വാചികമായി പറയാനും അവസരം നൽകുന്നു.

Scanned with CamScanner

## ആഗസ്റ്റ്

- റീഡേഴ്‌സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ് തുടങ്ങിയ പ്രവർത്തനം.
- ഭാഷാവികാസത്തിന് അവസരം നൽകുന്നു.
- സംയുക്ത ധ്വനി എഴുതി തുടങ്ങുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അഭിനയപ്പാട്ടുകൾ ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചന നടത്താൻ സഹായിക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

## സെപ്റ്റംബർ

- സംയുക്ത ധ്വനി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്തധ്വനി മെച്ചപ്പെടുന്നു.
- വ്യക്തിഗത രചനകൾക്ക് അവസരം ഒരുക്കുന്നു.
- കടങ്കഥ കേളിയിൽ ഏർപ്പെടുന്നു.

Scanned with CamScanner

## ഒക്ടോബർ

- വായനോത്സവം സംഘടിപ്പിക്കുന്നു
- ആസ്വാദ്യകരമായ വായന നടക്കുന്നു.
- ചിത്രവായനക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ വ്യത്യസ്ത രചനകൾ പ്രദർശിപ്പിക്കുന്നു.
- കുട്ടി കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.

## നവംബർ

- സംയുക്ത ഡയറിയിൽ കുട്ടികളുടെ എഴുത്ത് കൂടുതലാക്കുന്നു
- ചിത്ര വായന നടക്കുന്നു.
- ചെറു കഥകൾ പറഞ്ഞ് കുട്ടികളെ വ്യത്യസ്ത വായനക്കാരാക്കുന്നു

## ഡിസംബർ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാശേഷി പരിപോഷിപ്പിക്കൽ
- ദൈനംദിന അനുഭവങ്ങൾ തെളിയുന്ന ഭാഷയിൽ എഴുതുന്നു.
- ചെറു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടും കേട്ടും അറിഞ്ഞ ~~കഥകൾ~~ കാര്യങ്ങൾ അതാത് ചേരുന്ന പോലെ പറയാനും എഴുതാനും കഴിയുന്നു.

Scanned with CamScanner

## ജനുവരി

- കുട്ടികളെ സാഹിത്യത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായി ഒരു ശില്പശാല നടത്തുന്നു.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.
- കുട്ടികളുടെ വിത്യസ്തരചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

- സ്വന്തമായി ഡയറി എഴുതുന്നു.
- കുട്ടിക്കഥകൾ, കുട്ടിക്കവിതകൾ എന്നിവയിൽ ഏർപ്പെടുന്നു.
- ലൈബ്രറി ബുക്കുകൾ സ്വന്തമായി വായിക്കുന്നു.

## മാർച്ച്

- കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ എന്നിവ പുസ്തക രൂപത്തിലാക്കി പ്രകാശനം നടത്തുന്നു.
- വ്യത്യസ്തമായ പുസ്തക വായനയെ പ്രോത്സാഹിപ്പിക്കുന്നു.

Scanned with CamScanner

## വിരവിമുക്ത പ്രവർത്തനം

- കുട്ടികൾ വിളർച്ച ബാധിതരായി മാറിയിട്ടുണ്ട്
- കുട്ടികളുടെ വിര വിളർച്ച ബാധകളെ വർദ്ധിപ്പിക്കുകയും കൂടുതൽ ബാധിക്കുന്നു.
- രക്തനഷ്ടവും ആരോഗ്യപ്രശ്നങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു
- വിരകൾ ശരീരത്തിൽ മുട്ടകൾ ഇടുന്നു.
- സമ്പർക്കം വഴി മണ്ണിൽ വിരകൾ പ്രവേശിക്കുന്നു.
- വിദ്യാർത്ഥികളുടെ ശേഷി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുന്നു
- പോഷകങ്ങളുടെ ആഗിരണം ചെയ്യുന്നതിനെ വിരകൾ തടസ്സപ്പെടുത്തുന്നു.

Scanned with CamScanner

Std I

ഗണിതം.

## ആമുഖം :-

ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് ഗണിതം. വളരെ രസകരമായി ഒന്നാം ക്ലാസിൽ തന്നെ കുട്ടികൾ ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതുണ്ട്. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ്. ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളും സർഗാത്മക പ്രവർത്തനങ്ങളും കൂട്ടിച്ചേർത്തുകൊണ്ടാണ് ഒന്നാം ക്ലാസിലെ ഗണിത പഠനം അവതരിപ്പിക്കുന്നത്. കുട്ടികളുടെ താല്പര്യവും ജിജ്ഞാസയും വളർത്താൻ സഹായിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ :-

- 1 മുതൽ 5 വരെ സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.
- 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം,

കൂടുതൽ, കുറവ് എന്നിവ വിശദീകരിക്കുന്നു.

- ഗണിത കിറ്റ് ഉപയോഗിക്കുന്നു.
- 1 മുതൽ 20 വരെ സംഖ്യകൾ എണ്ണുന്നതും എഴുതുന്നതും ചെയ്യുന്നു.
- ഒറ്റ സംഖ്യകൾ എണ്ണിയെടുക്കുന്നു. എഴുതുന്നു.
- ആരോഹണാവരോഹണ ക്രമീകരണം.
- സങ്കലനം, വ്യവകലനം, സംഖ്യാ വ്യാഖ്യാനം.

## പ്രവർത്തന പദ്ധതി ലക്ഷ്യം :-

- രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം, വ്യവകലനം, സംഖ്യാ വ്യാഖ്യാനം എന്നിവയിൽ കണ്ടെത്തുന്നതിന്
- രണ്ടക്ക സംഖ്യയും ഒറ്റ സംഖ്യയും ഉൾപ്പെടുന്ന ഗണിതപ്രശ്നങ്ങൾ ലളിതമായി നിർദ്ധാരണം ചെയ്യൽ.
- സംഖ്യാ ബോധവും ആശയരൂപീകരണവും നേടിയെടുക്കുന്നതിന്
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- മനക്കണക്കിൽ ഉത്തരം കണ്ടെത്താൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന്.

Scanned with CamScanner

പ്രവർത്തനങ്ങൾ :-

ജൂൺ :-

- സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു
- രൂപങ്ങൾ തിരിച്ചറിയൽ (ചതുരം, വട്ടം, ത്രികോണം)
- വട്ടം, ചതുരം, ത്രികോണം ഇവ ഉപയോഗിച്ച് വ്യത്യസ്ത രൂപങ്ങൾ വരയ്ക്കൽ.

ജൂലൈ :-

- ഗണിത കിറ്റ് തയ്യാറാക്കൽ.
- സംഖ്യകൾക്കനുസരിച്ച് ചിത്രങ്ങൾ വരച്ച് സംഖ്യാകാർഡ്.

ആഗസ്റ്റ് :-

- 1 മുതൽ 10 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- കൂടുതൽ കുറവ് തിരിച്ചറിയൽ

സെപ്റ്റംബർ :-

- ഒറ്റ സംഖ്യകളുടെ സങ്കലനം.
- ഒറ്റ സംഖ്യകളുടെ വ്യവകലനം.
- ഗണിത കിറ്റിലെ വസ്തുക്കൾ ഉപയോഗിച്ച് ക്രിയ പ്രവർത്തനങ്ങളിൽ [illegible].

ഒക്ടോബർ :-

- ഒറ്റസംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.

നവംബർ :-

- സംഖ്യാഗാനങ്ങൾ പാടുന്നു. ഉച്ചാരണം.
- ഒറ്റ സംഖ്യയും ഇരട്ട സംഖ്യയും തമ്മിലുള്ള സങ്കലനം.

ഡിസംബർ :-

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ.
- സംഖ്യാ പാഠങ്ങൾ
- ഗണിത നാടകം.

ജനുവരി :-

- ഒറ്റ സംഖ്യയും ഇരട്ട സംഖ്യയും തമ്മിലുള്ള വ്യവകലനം.
- സങ്കലന, വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയൽ.
- സംഖ്യാ വ്യാഖ്യാനം.

ഫെബ്രുവരി :-

- വില വിവരപ്പട്ടിക - പോസ്റ്റർ വിതരണം പ്ലക്കാർഡിൽ ചേർക്കപ്പെടൽ.

മാർച്ച് :-

- ലഘുവായ ഗണിത ക്രിയകളിൽ ഏർപ്പെടൽ.
- ഉല്ലാസ ഗണിതം - ഗണിത കളികളിൽ ഏർപ്പെടൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ.
- കലണ്ടർ വിശേഷം.
- കലണ്ടർ പാഠങ്ങൾ കണ്ടെത്തൽ.

Scanned with CamScanner

Std I

# ഇംഗ്ലീഷ് I

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

**Objectives and learning outcomes**

- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy Songs and them with Rhythm and action
- Familiarise the name of birds, animals, their young ones and identifies them from pictures.

**June**

- Introduce symbol words
- provides picture cards

**July**

- Identify familiar words
- Say familiar words
- Read familiar words
- Write familiar words

Scanned with CamScanner

## August

- Enjoy Songs and Sings them with Rhythm and action
- Describe orally about pictures.

## September

- Read and write Simple words and simple sentences
- provides picture cards and reading cards.

## October

- Make word chain
- make riddles
- Describing words, rhyming words
- Text book activities

## November

- provide more opportunities to read, write and speak English
- write five English words daily

## December

- Read and understand Simple instructions in the classroom.

## January

- Enjoy songs and sings them with Rhythm and action
- Collect pictures of animals and its young ones

Scanned with CamScanner

February

English Assembly once in a week

March

- Read and write simple sentences
- picture reading

Scanned with CamScanner

# മലയാളം

## ആമുഖം :-

പഠനം രസകരവും വിജ്ഞാനപ്രദവുമായിരിക്കണം. കുട്ടികളുടെ മികവാർന്ന പഠനത്തിന് അനുയോജ്യവും ആകർഷകവുമായ പഠനപ്രവർത്തനങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. കുട്ടികളിലെ പഠന വിടവ് കണ്ടെത്തുകയും ഭാഷാവികസനം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നി മേഖലയിൽ കുട്ടികളുടെ നിലവിലുള്ള അവസ്ഥ പരിഗണിച്ച് നേട്ടവെച്ച് ശേഷിവികസന പ്രവർത്തനങ്ങൾ നൽകികൊണ്ട് സന്തോഷപ്രദവും വിജ്ഞാനപ്രദവുമായ പ്രവർത്തനങ്ങളിലേർപ്പെടാൻ കുട്ടികളെ പ്രാപ്തരാക്കണം. ഓരോ കുട്ടിയും എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാസമ്പത്തിന്റെ ഉടമയായി മികവുറ്റവരായി തീരണം. ഈ അധ്യയന വർഷം ക്ലാസ്സ്മുറിയിൽ നടപ്പിലാക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കാൻ സഹായിക്കും.

## അവസ്ഥാപഠനത്തിലൂടെ കണ്ടെത്തിയ കാര്യങ്ങൾ :-

- കുട്ടികൾക്ക് വാചികമായി ഭാഷ കൈകാര്യം ചെയ്യുന്നതിൽ മികവ് പുലർത്തുന്നുണ്ട്.
- ലേഖന പ്രവർത്തനങ്ങളിൽ വരുത്തുന്ന അക്ഷരത്തെറ്റ് പരിഹരിക്കപ്പെടേണ്ടതുണ്ട്.
- ലേഖന പ്രവർത്തനങ്ങളിലെ വാക്യഘടനയിൽ മെച്ചപ്പെടേണ്ടതുണ്ട്.
- രണ്ടാം ക്ലാസിലെ തുടക്കക്കാരുടെ നിലവാരത്തിൽ കുട്ടികളുടെ രചനകൾ എത്തിയിട്ടില്ല.
- ആശയഗ്രഹണ വായന മെച്ചപ്പെടേണ്ടതുണ്ട്.

Scanned with CamScanner

- കുട്ടികളുടെ നിരീക്ഷണ പാടവം വികസിപ്പിക്കുന്നതാണ്.
- സാമൂഹിക കഴിവുകൾ വികസിപ്പിക്കുന്നതിനുതകുന്ന തരത്തിൽ പാഠങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം കൂടുതലാണ്.
- സംഘപ്രവർത്തനങ്ങളിലും ചർച്ചകളിലും എല്ലാ കുട്ടികളും പങ്കാളികളായി.
- പ്രായോഗിക ചിന്തകൾ വികസിപ്പിക്കുന്നതിനുതകുന്ന രീതി വികസിപ്പിക്കുന്നതാണ്.
- ഒരു നിശ്ചിത സമയത്തിൽ നിന്ന് കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കാൻ സാധിക്കുന്നു.

## ലക്ഷ്യങ്ങൾ :-

- രണ്ടാം ക്ലാസിലെ ഒട്ടുമിക്ക കുട്ടികളും സ്വന്തമായി ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് ഉണ്ടാകുന്നതിന്.
- ഒട്ടുമിക്ക കുട്ടികളും ചെറുവാക്യങ്ങൾ ഉൾപ്പെട്ട പാഠങ്ങൾ വായിക്കാൻ കഴിവ് ഉണ്ടാകുന്നു.
- എല്ലാ കുട്ടികളിലും ആശയവിനിമയ ശേഷി ഉറപ്പാക്കൽ.
- എല്ലാ കുട്ടികളും ഒറ്റപ്പെടാതെ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്.
- ക്ലാസ്സ്മുറിയിലെ അന്തരീക്ഷം എല്ലാ കുട്ടികൾക്കും ആകർഷകമായ പഠന രീതി ഒരുക്കുന്നതിന്.
- അദ്ധ്യാപകരും സഹപാഠികളുമായ ബന്ധം എല്ലാ കുട്ടികളും ഉറപ്പുവരുത്തുന്നതിന്.
- വർഷാവസാനം ലക്ഷ്യമായ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും വ്യക്തിഗത ശേഷികൾ ഉയർത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- ചർച്ചകൾ നടക്കുമ്പോൾ നിരീക്ഷിക്കുന്നതിനും തന്റെ കാര്യങ്ങൾ പറയുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കൽ.

Scanned with CamScanner

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിന്.
- സംഖ്യാബോധവും ശ്രദ്ധാശേഷിയും എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുന്നതിന്.
- ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കാൻ.
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യത്യസ്ത രീതികൾ പ്രയോജനപ്പെടുത്തൽ :-
- 100 വരെയുള്ള സംഖ്യാബോധം, സംഖ്യാവ്യാഖ്യാനം, സങ്കലനം വ്യവകലനം, പ്രശ്നാപഗ്രഥനം തുടങ്ങിയ ശേഷി ഉറപ്പാക്കാൻ.
- ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതിക്കുകയും ചൊല്ലുകയും ചെയ്യുന്നു.
- റീഡേഴ്സ് തിയേറ്ററിലൂടെ എല്ലാ കുട്ടികളെയും മികച്ച വായനക്കാരായി മാറുന്നതിന്.
- താളം അനുസരിച്ച് പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നതിന് പാട്ടരങ്ങിലൂടെ സാധിക്കുന്നു.
- നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടുന്നതിന്.

Scanned with CamScanner

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| • എല്ലാ ക്ലാസിലെ ദുർബല കുട്ടികളുടെയും അക്ഷരബോധിത വായന ഉറപ്പാക്കുക. | • ക്ലാസിൽ വായനാ മൂലകൾ, കഥാ പുസ്തകങ്ങൾ, വായനാകാർഡ്, പദകാർഡ്, ഉറപ്പാക്കൽ.<br>• കുട്ടികൾക്ക് ഇവ വായിക്കുന്നതിനുള്ള അവസരം ഒരുക്കൽ.<br>• ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.<br>• പുസ്തക പരിചയം.<br>• വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ.<br>• വീട്ടിൽ ലൈബ്രറി സജ്ജീകരിക്കൽ.<br>• വായിച്ച കഥയെ ചിത്രങ്ങളാക്കൽ. | ജൂൺ മുതൽ |
| • ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | • ചിത്രകാർഡ് നിർമ്മാണം<br>• മേനി പറച്ചിൽ<br>• കടങ്കഥ അവതരണം<br>• കഥ ഊഹിച്ച് പറയൽ<br>• ചോദ്യോത്തരപ്പയറ്റ്<br>• റോൾപ്ലേ<br>• ചിത്രത്തിൽ എന്തെല്ലാം പറയാം, എഴുതാം.<br>• ചിത്രം വര. | ജൂലൈ മുതൽ |
| • എല്ലാ കുട്ടികളും അക്ഷരത്തെറ്റ് കൂടാതെ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്. | • സചിത്ര ഡയറി<br>• പദസൂര്യൻ<br>• പദനിർമ്മാണം<br>• വാക്യ നിർമ്മാണം<br>• ചിഹ്നം ചേർത്തെഴുതൽ<br>• വരികൾ കൂട്ടിച്ചേർക്കൽ | ജൂലായ് മുതൽ |

Scanned with CamScanner

| | | |
|---|---|---|
| • സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക. | • ബാലസഭ<br>• അസംബ്ലി<br>• CPTA<br>• പഠനോത്സവം<br>• ക്ലാസ് പ്രവർത്തനങ്ങൾ | ജൂലായ് മുതൽ. |
| • വർഷാവസാനം സ്വതന്ത്രമായി ഭാഷാ പ്രവർത്തനങ്ങളിലേർപ്പെടുന്നതിനും വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ. | • വായിച്ച പുസ്തകങ്ങളിലെ കഥാപാത്രങ്ങളെ ചിത്രീകരിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങളാക്കൽ.<br>• വരികൾ കൂട്ടിച്ചേർക്കൽ<br>• കഥാപൂരണം<br>• വിവരണം<br>• കുറിപ്പ് | സെപ്റ്റംബർ മുതൽ. |
| • [illegible] ലൈബ്രറിയിലൂടെ എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കുന്നതിന്. | • ലഘു വിവരണങ്ങൾ കഥകൾ, കുട്ടിക്കവിതകൾ സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കൽ. | ഒക്ടോബർ മുതൽ. |
| • താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നതിന് പ്രാപ്തരാക്കൽ. | • പാഠഭാഗത്തെ കവിതകൾ<br>• സമാന കവിതകൾ<br>• ശേഖരിച്ച കവിതകൾ<br>• വരികൾ കൂട്ടിച്ചേർത്തവ<br>• ഈണം, താളം, ഭാവം ഉൾക്കൊണ്ട് അവതരണം. | ജൂലായ് മുതൽ. |

Scanned with CamScanner

| | | |
|---|---|---|
| • ചുറ്റുപാടുകൾ നിരീക്ഷിക്കുന്നതിനും കണ്ട കാര്യങ്ങൾ പറയുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കൽ. | • പ്രകൃതി നടത്തം<br>• [illegible] പാർക്ക് നിരീക്ഷണം<br>• ചെടികളുടെ പേര് പറയൽ<br>• എഴുതൽ<br>• ചെടി നടൽ<br>• വിത്ത് മുളപ്പിക്കൽ<br>• വളർച്ച ചിത്രീകരിക്കൽ<br>• എഴുതൽ<br>• വർഗീകരണം. | ജൂൺ മുതൽ |
| • ചുറ്റുപാടുകളിലെ സസ്യങ്ങളുടെ ഔഷധ ഗുണം തിരിച്ചറിഞ്ഞ് പറയുന്നതിന്. | • നിരീക്ഷണം<br>• ഔഷധത്തോട്ടം നിരീക്ഷണം<br>• ചെടികളുടെ പേര് തിരിച്ചറിയൽ, പറയൽ, എഴുതൽ<br>• ഔഷധ ഗുണം കണ്ടെത്തി പറയൽ.<br>• ഔഷധത്തോട്ടം മെച്ചപ്പെടുത്തൽ<br>• ചെടികളെ പരിപാലിക്കൽ. | ആഗസ്റ്റ് മുതൽ |
| • സംഖ്യാ ബോധവും ക്രിയാ ശേഷികളിലും സംഖ്യാ രീതികളിലും ഉറപ്പുവരുത്തുന്നതിന്. | • ഗണിത കിറ്റ് ഉപയോഗിക്കൽ<br>• സംഖ്യാ കാർഡ്<br>• ഒടാക്കൽ<br>• മഞ്ചാടി<br>• ഈർക്കിൽ കൊണ്ട് ഇവ ഉപയോഗിച്ച് നിർമ്മിത സംഖ്യ ഉണ്ടാക്കുന്നു വ്യാഖ്യാനിക്കുന്നു.<br>• സംഖ്യകൾ തിരിച്ചറിയൽ<br>• അക്കത്തിലും അക്ഷരത്തിലും എഴുതൽ<br>• പാറ്റേൺ, ഒറ്റ ഇരട്ട | ജൂൺ മുതൽ |

Scanned with CamScanner

| | | |
|---|---|---|
| • ആരോഗ്യ കായിക വിദ്യാഭ്യാസം | • സൂമ്പാ ഡാൻസ്<br>• യോഗ<br>• വ്യായാമ മുറകൾ<br>• ആരോഗ്യ ശീലങ്ങൾ - ബോധവൽക്കരണ ക്ലാസ്<br>• ശുചിത്വ ശീലങ്ങൾ<br>• കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ജൂൺ മുതൽ. |
| • കലാ വിദ്യാഭ്യാസം. | • സർഗ്ഗാത്മക രചനകൾ<br>• ചിത്രം വര<br>• സംഗീതം<br>• നൃത്തം<br>• അഭിനയം<br>• സ്കിറ്റ്<br>• റോൾ പ്ലേ<br>• പാവ നാടകം | ജൂൺ മുതൽ. |
| • നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്<br>• പ്രവൃത്തി പരിചയം | • അബാക്കസ് നിർമ്മാണം<br>• സ്ഥാനവില പോക്കറ്റ് നിർമ്മാണം<br>• പേപ്പർ ക്രാഫ്റ്റ്<br>• പാഴ് വസ്തുക്കൾ ഉപയോഗിച്ച് പഠനോപകരണ നിർമ്മാണം<br>• മൈദ മാവുപയോഗിച്ച് വിവിധ വസ്തുക്കളുടെ നിർമ്മാണം. | ജൂലൈ മുതൽ. |

Scanned with CamScanner

# ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസ ഗണിതം പദ്ധതി മുന്നോട്ട് വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മികച്ച വഴിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനങ്ങളിലും താത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

# രണ്ടാം ക്ലാസിലെ കുട്ടികളെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ

* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
* ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു. (100 ൽ താഴെ)

Scanned with CamScanner

* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തതരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ കഴിയും എന്ന മേഖലയിൽ എത്തിച്ചേരൽ

* ഗണിതശാസ്ത്രങ്ങളിൽ കുട്ടി കൈവരിച്ച തിരിച്ചറിവിൽ പ്രവർത്തനങ്ങൾ നടത്തുന്നു.

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു.

## ജൂൺ

1, 2, 3, 4 . . . . . .

1, 3, 5, 7 . . . .

10, 20, 30, 40 . . . . . .

5, 10, 15, 20 . . . .

2, 4, 6, 8 തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബന്ധം കണ്ടെത്തൽ

## ജൂലൈ

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ

Scanned with CamScanner

* ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പിക്കൽ
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് സംഖ്യകൾ രൂപീകരിക്കൽ

## ആശയം

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും.

100 ഒന്നുകൾ ചേർന്നതാണ് 100

* ഓരോ സംഖ്യകളെയും പ്രായോഗിക തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.

## ശേഷികൾ

* ഗണിതകിറ്റിലെ സങ്കേതങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
* വിലവിവരപട്ടിക തയ്യാറാക്കൽ
* ക്ലാസിലെയുകട, സ്കൂളിലെയുകട, ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

Scanned with CamScanner

## ഒക്ടോബർ

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
* സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ

## നവംബർ

* സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്നപരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ മുതലായവ വെട്ടിയുണ്ടാക്കി സംഖ്യ എണ്ണുന്നു
* കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ

## ഡിസംബർ

* സംഖ്യാബോധം തിരിച്ചറിവിൽ – സംഖ്യാവ്യാഖ്യാനം ഉറപ്പിക്കൽ
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ
* രണ്ടക്ക സംഖ്യകളുടെ തുക കാണുന്നതിനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

Scanned with CamScanner

## ജനുവരി

* വിവിവിവരപട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ ഓരോന്ന് പറയൽ, പ്രശ്ന നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
* സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

## ഫെബ്രുവരി

* ഗണിതം ആസ്വാദ്യകരമാക്കൽ ഇടവേളകളിൽ ഗണിതലാപനം നടത്തൽ
* ഉല്ലാസ ഗണിതം Materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ, ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

## മാർച്ച്

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
* കലണ്ടർ പ്രവർത്തനങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
* കലണ്ടർ നോക്കി ചോദ്യങ്ങൾ സമാഹാരം ചെയ്യൽ
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നങ്ങളുടെ സമന്വയം ചെയ്യാൻ പ്രാപ്തരാകാൻ കഴിയുന്നു.

Scanned with CamScanner

Std : II

# English.

## Aim :-

- To speak, Read and write english without any mistakes.

## Time :-

June to March.

## Listening skills :-

- Games, action songs. Hello English activities.
- Conversations, skit, stories, use ICT.

## Speaking Skills :-

- Identify the naming words from the picture.
- Identify the action words from the same pictures.
- Make simple sentences using the action words naming words about the picture.
- Growing Sentences, picture reading, self introducing, assembly are also conducted.
- Speech, Book review, quiz, riddles, School radio etc

## Pre-test :-

- To check the vocabulary and writing skills of pupi
- To develop listening skills and reading skills.

Scanned with CamScanner

# Activities :-

## July and August :-

- Reading Skills :-

Story book reading, news paper reading, library books reading, book review, Find words, rhyming words, describing words etc. Text book activities.

- Writing Skills :-

Make word web, picture description, word chain, sentence chain, Make words, make riddles, conversation, add more lines, develop story, description, diary, letter, Announcement, magazines.

## September and October :-

- Reading Skills :-

  - News paper reading, library books reading, book review.
  - find words, rhyming words, describing words etc.

- Writing Skills :-

  - Make word web.
  - Picture description with describing words.
  - word chain, sentence chain
  - make words, sentences.
  - make riddles, Conversations.
  - Add more lines, Diary, Letter.

Scanned with CamScanner

## November and December :-

- To express thoughts, feelings etc :-

- Reading Skills :-

  - News paper reading, library books reading.
  - Conversations, skit, stories, use ICT

Scanned with CamScanner

STD: III

വിഷയം: പരിസരപഠനം

# ആമുഖം:

പ്രകൃതിയെ അടുത്തറിഞ്ഞ് പ്രകൃതിസ്നേഹമുള്ള മനോഭാവം വളർത്തി സഹജീവികളുടെ നിലനിൽപ്പ് പരസ്പരാശ്രയത്തിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ എന്ന തിരിച്ചറിവ് വളർത്തിയെടുക്കാനായി ആദ്യം മുതൽ മൂന്നു വരെയുള്ള കാലയളവിലായി പാഠഭാഗങ്ങളുമായി ബന്ധമുള്ള ചില പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുകയാണ്. ശാസ്ത്രബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യവും ഇതിന്റെ പിന്നിലുണ്ട്.

# ലക്ഷ്യങ്ങൾ

(1) പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക

(2) ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക

(3) വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയുടെ പ്രാധാന്യമറിഞ്ഞ് അവ പാലിക്കുന്നവരാകുക.

(4) ലഘു പരീക്ഷണങ്ങൾ ചെയ്യുന്നതിൽ താൽപ്പര്യമുള്ളവരായി മാറുക.

(5) ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവാന്മാരാവുക.

(6) ചുറ്റുപാടും കാണുന്ന പക്ഷികൾ, സസ്യങ്ങൾ, ജീവികൾ എന്നിവയെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുക.

(7) ശരിയായ ആഹാര, ആരോഗ്യ ശീലങ്ങൾ പാലിക്കുന്നവരായി മാറുക.

Scanned with CamScanner

| ക്രമനമ്പർ | കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | ജൂൺ | പ്രകൃതിനടത്തം, ചുറ്റുപാടുമുള്ള ജീവജാലങ്ങളെ തിരിച്ചറിയൽ, സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ |
| 2 | ജൂലൈ | ഫീൽഡ് ട്രിപ്പ്, പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ, വീട്ടിലൊരു പൂന്തോട്ടം നിർമ്മിക്കൽ പരിപാലിക്കൽ |
| 3. | ആഗസ്റ്റ് | വ്യക്തിശുചിത്വം, ശുചിത്വ ശീലങ്ങൾ, ശുചിത്വ ശീലങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തൽ |
| 4 | സെപ്റ്റംബർ | പരിസര ശുചിത്വം. പരിസരങ്ങളിൽ മാലിന്യം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ കണ്ടെത്തി ബോധവത്കരണം. |
| 5 | ഒക്ടോബർ | ട്രാഫിക് നിയമങ്ങൾ - റോഡപകടങ്ങൾക്ക് കാരണമാകുന്ന നിയമ ലംഘനങ്ങൾ കണ്ടെത്തുന്നു. |

Scanned with CamScanner

| ക്രമനമ്പർ | കാലയളവ് | പ്രവർത്തനങ്ങൾ |
| --- | --- | --- |
| 6 | നവംബർ | ശാസ്ത്രപ്രതിഭകളെ പരിചയപ്പെടുത്തൽ |
| 7 | ഡിസംബർ | ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ |
| 8 | ജനുവരി | ആരോഗ്യശീലങ്ങൾ, ആഹാരശീലങ്ങൾ ഇവ ആരോഗ്യത്തെ എങ്ങനെ ബാധിക്കുന്നുവെന്ന് മനസ്സിലാക്കൽ. |
| 9 | ഫെബ്രുവരി | കൃമിരോഗങ്ങൾ പരിചയപ്പെടുന്നു. ആഹാരവസ്തുക്കളിലെ പോഷക മൂല്യങ്ങൾ കണ്ടെത്തുന്നു. |
| 10 | മാർച്ച് | പക്ഷിനിരീക്ഷണം – ചുറ്റുപാടും കാണുന്ന പക്ഷികളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു. |

Scanned with CamScanner

Std : 3

# ഗണിതം

## ആമുഖം :-

അനായാസേന പഠിക്കാൻ കഴിഞ്ഞാൽ ഏറ്റവും ആസ്വദിക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളുടെ കളിയായും സർഗാത്മക പ്രവർത്തനങ്ങളായും കൂട്ടിച്ചേർത്തുകൊണ്ടാണ് 3-ാം ക്ലാസിലെ ഗണിതപാഠം രൂപകൽപ്പിച്ചിരിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ സഹായിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുള്ളത്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്.

## പഠന ലക്ഷ്യങ്ങൾ :-

- 2000 വരെയുള്ള സംഖ്യകൾ വായിക്കുക, എഴുതുക, വലിപ്പമറിയുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും കുട്ടികൾക്ക് കഴിയണം.
- നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുക.
- രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാനവിലയ്ക്കനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ എളുപ്പമാക്കി നിർധാരണം ചെയ്യുക.

Scanned with CamScanner

- മനഗണിതത്തിന് കൂടുതൽ പ്രാധാന്യം നൽകുക.
- 9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ ഉറപ്പിക്കുക. ഗുണന ചിന്തയോടൊപ്പം ഹരണചിന്ത വളർത്തുക.
- നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെ.മീ, മീറ്റർ എന്നിവ പരിചയപ്പെടൽ.

## പ്രവർത്തനങ്ങൾ :-

### ജൂൺ - ജൂലായ് :-

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
- വെജിറ്റബിൾ പ്രിന്റിംഗ്
- ചതുരം, വട്ടം, ത്രികോണം ഇവ ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ നിർമ്മിക്കൽ
- ചിത്ര പാറ്റേൺ
- ഗോളം, ചതുരക്കട്ട പരിചയപ്പെടൽ.

### ജൂലായ് ആഗസ്റ്റ് :-

- ഓരോ കുട്ടിക്കും കണക്ക് പെട്ടി.
- ഗണിത ശില്പശാല
- കളിനോട്ടുകൾ നിർമ്മാണം
- കമ്പ് കെട്ടുകൾ
- സംഖ്യാ സ്ട്രിപ്പ്
- അബാക്കസ് നിർമ്മാണം.

Scanned with CamScanner

## ആഗസ്റ്റ് - സെപ്റ്റംബർ :-

- പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം
- അറിവിന്റെ ഗുപ്ത
- സംഖ്യാ പ്രോജക്ട് നിർമ്മാണം

## ഒക്ടോബർ - നവംബർ :-

- വീഡിയോ, സി.ഡി പരിചയപ്പെടൽ.
- വീഡിയോ സ്ക്രീനിൻ നിർമ്മാണം.
- കുട്ടികളുടെ ഉയരം, ഭാരം അളക്കൽ.

## നവംബർ - ഡിസംബർ :-

- ഗുണന പസ്സിൽ കാർഡ് നിർമ്മാണം.
- മാജിക്
- പസിൽ നിർമ്മാണം
- ജ്യാമിതീയ രൂപം.

## ജനുവരി - ഫെബ്രുവരി

- ഗണിത വിജയ പ്രവർത്തനങ്ങൾ
- ഉപകരണ നിർമ്മാണം.
- ഭിന്ന സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു

## മാർച്ച് :-

- ഭിന്ന സംഖ്യകൾ ഉപയോഗിച്ച് പ്രശ്ന പരിഹാര പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.
- ചതുഷ്ക്രിയാ പ്രവർത്തനങ്ങൾ ഉറപ്പിക്കൽ.
- ഭിന്ന സംഖ്യകൾ ആരോഹണാവരോഹണ ക്രമത്തിൽ എഴുതൽ.

Scanned with CamScanner

# മലയാളം III

## ലക്ഷ്യങ്ങൾ

- ലഘുവായ സർഗാത്മക രചനകൾ നടത്തും
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും
- കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം റീഡേഴ്സ് തീയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും
- രചനകൾ ഭാവാത്മകമായി വായിക്കും

## പ്രവർത്തനങ്ങൾ

### ജൂൺ - ജൂലൈ

- നാടൻ പാട്ടുകൾ ശേഖരണം
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥാശേഖരണം
- ക്ലാസ് ലൈബ്രറി നവീകരണം
- കടങ്കഥകൾ ശേഖരണം
- ചിത്രശേഖരണം (ആൽബം)

### ആഗസ്റ്റ് - സെപ്റ്റംബർ

- റോൾപ്ലേ അവതരണം
- പാചക കുറിപ്പ് തയ്യാറാക്കൽ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
- കത്തുകൾ മാതൃകകൾ

## ഒക്ടോബർ

- കുഞ്ഞിപ്പാട്ടുകൾ
- കുഞ്ഞിച്ചൊല്ലുകൾ
- കുട്ടിക്കളികൾ
- നാടൻ പാട്ട് ശേഖരണം

## നവംബർ – ഡിസംബർ

- കഥ
- വിവരണം
- അനുഭവക്കുറിപ്പ് തയ്യാറാക്കൽ
- സംഭാഷണം
- ആശംസ കാർഡ് തയ്യാറാക്കൽ

## ജനുവരി – ഫെബ്രുവരി

- പതിക്കണം തയ്യാറാക്കൽ
- പ്രവൃത്തിയെ സൂചിപ്പിക്കുന്ന വാക്കുകൾ കണ്ടെത്തുന്നു.
- വായനക്കുറിപ്പ് തയ്യാറാക്കുക.
- വാക്യനിർമ്മാണം
- വിവരണം

Scanned with CamScanner

## English III

Aim : To speak, Read and write English without any mistakes

Time : June to March

pretest

To check vocabulary and writing skills of pupils

June and July

To develop listening skills and reading skills

Listening skills

- Game, Action Songs, Hello English Activities
- Conversation, stories use ICT

Speaking skills

- Identify the naming words from the picture.
- Identify the Action words from the same picture.
- make simple sentence using the Action word and naming words about the picture.
- make simple description about the picture
- growing sentence, picture reading, self introduction Assembly are also conducted.

Activities

Speach, book review, quiz, riddles, self introduction.

August and september

develop the creative writing and speaking

Scanned with CamScanner

## Reading skills

- News paper reading, library books reading, Reading breaking news.
- find words
- rhyming words
- describing words
- Textbook activities

## Writing skills

- make word web
- picture description with describing words
- make words & sentences
- make riddles, conversations,
- Add more lines

## Activities

- Speech
- Self introduction
- makes description
- magazines ect.

## October and November

## Reading skills

- Reads breaking news
- develop story
- notice

Scanned with CamScanner

Writing skills

- description
- notice proclamation
- Thoughts

Activities

quiz, riddles, skit etc...

## December and January

1. Develop the creative speaking and writing
2. To express thoughts feeling etc...

Reading skill

- News paper reading
- library books reading
- develop story
- Reads diary
- Reads letters from friends

Writing skills

- diary
- letter
- Announcement

## February and March

To improve the presentation power

Reading skill

- News paper reading

Scanned with CamScanner

- conversation
- Reads diary
- Reads letters from friends

Writing skills

diary

letter

Announcement

description

Thoughts

Activities

speech, quiz, riddles, exhibition etc.

Scanned with CamScanner

# വായന

## ലക്ഷ്യം

- ആസ്വാദന പൂർണ്ണമായ വായനാനുഭവങ്ങൾ ഉറപ്പാക്കൽ
- വായിച്ച കാര്യങ്ങളെക്കുറിച്ച് പറയാനും എഴുതാനുമുള്ള അവസരം ഒരുക്കൽ
- സ്വയം വായിച്ച് കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവ് വികസിപ്പിക്കൽ.
- വായനാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരം നൽകൽ
- എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ

ജൂൺ മുതൽ മാർച്ച് വരെ

വായന ശേഷി വളർത്തൽ

## പ്രവർത്തനങ്ങൾ

- ക്ലാസ് വായന
- ക്ലാസ് ലൈബ്രറി ഒരുക്കൽ
- പുസ്തക പരിചയം
- വായന കുറിപ്പ് തയ്യാറാക്കൽ
- ആസ്വാദന കുറിപ്പ്

Scanned with CamScanner

## എഴുത്ത് പരിപോഷിപ്പിക്കൽ

പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പോഷിപ്പിക്കുന്നു.

പ്രവർത്തനങ്ങൾ

- കഥ പൂർത്തിയാക്കൽ
- വരികൾ കൂട്ടിച്ചേർക്കൽ
- ICT സാധ്യത ഉപയോഗപ്പെടുത്തൽ
- ചിഹ്നങ്ങൾ ചേർത്തെഴുതൽ
- പദങ്ങൾ ചേർത്തെഴുതൽ
- പിരിച്ചെഴുതൽ
- കത്ത്, നോട്ടീസ്, പത്രവാർത്ത
- യാത്രാവിവരണം
- പുതിയ വാക്കുകൾ കണ്ടെത്തി എഴുതുന്നു.
- സംഭാഷണം
- വാക്യങ്ങൾ നിർമ്മിക്കൽ
- കയ്യെഴുത്ത് മാസിക തയ്യാറാക്കൽ.

Scanned with CamScanner

## ആമുഖം

വസ്തുതകളെ യുക്തി ഉപയോഗിച്ച് നിരീക്ഷിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് ഗണിത പഠന സമീപനം. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിത ശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. അർത്ഥപൂർണ്ണമായ ആശയ രൂപീകരണത്തിലൂടെ കുട്ടികളെ യുക്തി ചിന്ത വികസിപ്പിക്കുന്ന ഗണിത പഠന സമീപനമാണ് നാം സ്വീകരിക്കുന്നത്.

## ലക്ഷ്യങ്ങൾ

→ അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികളും ഉറപ്പാക്കുക

→ ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക

→ ഗണിത ശേഷികൾ നേടിയെടുക്കുക

→ ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

→ യുക്തി ചിന്ത, ഗണിതചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക

→ നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്

→ വിവരങ്ങളെ വ്യാഖ്യാനിക്കുന്നതിനും പ്രതിരൂപാത്മകമായി വിശദീകരിക്കുന്നതിനും ഉള്ള കഴിവ് നേടുക

## ജൂൺ

→ രൂപങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കുക

→ ചുറ്റുപാടുമുള്ള ത്രിമാന രൂപങ്ങൾ കണ്ടെത്തുക

→ ത്രിമാന രൂപങ്ങൾ ഉണ്ടാക്കുക

→ ടാൻഗ്രാം നിർമ്മിക്കുന്നു.

## ജൂലൈ

→ സംഖ്യകളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു

→ നാലക്കസംഖ്യ വ്യാഖ്യാനിക്കുന്നു.

→ അബാക്കസ് നിർമ്മാണം

→ അബാക്കസ് ഉപയോഗിച്ച് സംഖ്യ ഉണ്ടാക്കുന്നു.

→ പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

## ആഗസ്റ്റ്

→ റോമൻ അക്കങ്ങൾ തിരിച്ചറിയുന്നു.

→ സ്ഥാനവില മനസ്സിലാക്കുന്നു.

→ പാറ്റേൺ വിശകലനം നടത്തുന്നു.

→ സംഖ്യകൾ തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു.

→ ഗണിത കേളിയിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

→ ഗണിത കേളിയിൽ ഏർപ്പെടുന്നു

→ പ്രായോഗിക പ്രശ്നം നിർധാരണം ചെയ്യുന്നു.

→ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തുന്നു.

Scanned with CamScanner

# ഗണിതം

**IV**

## ആമുഖം

വസ്തുതകളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് ഗണിത പഠന രീതി. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിത ശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. അർത്ഥപൂർണ്ണമായ ആശയ രൂപീകരണത്തിലൂടെ കുട്ടികളെ യുക്തി ചിന്ത വികസിപ്പിക്കുന്ന ഗണിത പഠന രീതിയാണ് നാം സ്വീകരിക്കുന്നത്.

## ലക്ഷ്യങ്ങൾ

- → അടിസ്ഥാന ഗണിത ശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- → ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- → ഗണിത ശേഷികൾ നേടിയെടുക്കുക
- → ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- → യുക്തി ചിന്ത, ഗണിതചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക
- → നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്
- → വിവരങ്ങളെ വ്യാഖ്യാനിക്കുന്നതിനും പ്രതിരൂപാത്മകമായി ചിത്രീകരിക്കുന്നതിനും ഉള്ള കഴിവ് നേടുക

Scanned with CamScanner

## ഒക്ടോബർ

- → വാച്ച്, ക്ലോക്ക്, ഡിജിറ്റൽ ക്ലോക്ക്, ഫോൺ എന്നിവ നോക്കി സമയം പറയുന്നു.
- → മണിക്കൂർ, മിനുട്ട്, സെക്കന്റ് എന്നിവയുടെ പരസ്പര ബന്ധം കണ്ടെത്തുന്നു.
- → പ്രായോഗിക പ്രശ്നം നിർധാരണം ചെയ്യുന്നു.
- → ക്ലോക്ക് നിർമ്മാണം.
- → വിവിധ കലങ്ങൾ തിരിച്ചറിയുന്നു.

## നവംബർ

- → വ്യവകലന ക്രിയകൾ ചെയ്യുന്നു.
- → വ്യവകലന ക്രിയകൾ അപഗ്രഥിച്ച് നിർധാരണം ചെയ്യുന്നു.
- → സ്ഥാനവില പോക്കറ്റ് നിർമ്മിക്കുന്നു.

## ഡിസംബർ

- → ഗുണനക്രിയകൾ ചെയ്യുന്നു
- → നിത്യജീവിതവുമായി ബന്ധപ്പെടുത്തി ഗുണനക്രിയകൾ വിശകലനം ചെയ്യുന്നു
- → 10, 100, 1000 എന്നീ സംഖ്യകൾ കൊണ്ട് ഗുണിക്കുമ്പോഴുള്ള എളുപ്പവഴി മനസ്സിലാക്കുന്നു.

## ജനുവരി

- → നീളം അളക്കുന്നതിനുള്ള ഉപകരണം നിർമ്മിക്കുന്നു. കൃത്യതയോടെ അളക്കുന്നു.

Scanned with CamScanner

## [illegible]

- ഗണിതക്രിയകൾ മന:കണക്കായി ചെയ്യുന്നു.
- നിത്യജീവിതവുമായി ബന്ധപ്പെടുന്ന പ്രായോഗിക പ്രശ്നം ഉപയോഗിച്ച് നിർധാരണം ചെയ്യുന്നു.

## [illegible]

- ഭാരം, ഉള്ളളവ് എന്നീ അളവുകൾ കൃത്യതയോടെ ഉപയോഗിക്കുന്നു.
- അളവുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്തുന്നു.
- പ്രായോഗിക പ്രശ്നം നിർധാരണം ചെയ്യുന്നു.
- വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ രേഖപ്പെടുത്തുന്നു.

Scanned with CamScanner

Std : IV

## വിഷയം: പരിസരപഠനം

### ആമുഖം :

നമ്മുടെ സംസ്ഥാനമായ കേരളത്തെക്കുറിച്ച് കേട്ടും കണ്ടും പറഞ്ഞും ചർച്ച ചെയ്തും സമഗ്രമായ അറിവ് നേടുക എന്ന ലക്ഷ്യത്തോടു കൂടെ ജൂൺ മുതൽ മാർച്ചു വരെയുള്ള കാലയളവിലായി സമസ്ത മേഖലകളെ കുറിച്ചും അറിവു നേടാനായി പ്രവർത്തനങ്ങൾ തയ്യാറാക്കിയിരിക്കുന്നു. നാലാം ക്ലാസിലെ കുട്ടിയുടെ നിലവാരത്തിനനുസരിച്ച് ഓരോ മേഖലയെക്കുറിച്ചും പ്രാഥമികമായ ഒരറിവ് നേടാൻ ഈ പ്രവർത്തനങ്ങൾ ഉപകരിക്കും എന്നതിന് യാതൊരു തർക്കവും ഇല്ല.

Scanned with CamScanner

## ലക്ഷ്യങ്ങൾ

(1) കേരളത്തെക്കുറിച്ച് സമഗ്രമായ അറിവ് നേടുക.

(2) ചുറ്റുപാടുമുള്ള സസ്യങ്ങൾ, ജീവികൾ, പക്ഷികൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുക.

(3) ഭൂപ്രകൃതിയും കാർഷികവിളകളും തമ്മിൽ ബന്ധമുണ്ടെന്ന് തിരിച്ചറിയുക.

(4) ശാസ്ത്രപഠനത്തിൽ താൽപര്യം ഉളവാക്കുക.

(5) കേരളത്തിലെ സാമൂഹിക ജീവിതത്തിന് ഉണ്ടായ പുരോഗതിയിൽ നവോത്ഥാന നായകരുടെ പങ്ക് കണ്ടെത്തുന്നു.

(6) കുട്ടികളിൽ പൗരബോധം വളർത്തുക.

Scanned with CamScanner

| ക്രമ നമ്പർ | കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | ജൂൺ | • ജില്ലകൾ<br>• ജില്ലാ ആസ്ഥാനം<br>• ഭൂപടത്തിൽ അവയുടെ സ്ഥാനം<br>• അതിർത്തികൾ |
| 2 | ജൂലൈ | • പ്രധാന ജീവികൾ<br>• വന്യജീവി സങ്കേതങ്ങൾ<br>• പക്ഷിസങ്കേതങ്ങൾ |
| 3 | ആഗസ്റ്റ് | • പ്രധാന കാർഷിക വിഭവങ്ങൾ<br>• ഭൂപ്രകൃതിയും കാർഷിക വിളകളുമായുള്ള ബന്ധം |
| 4 | സെപ്റ്റംബർ | • പ്രധാന നദികൾ<br>• അണക്കെട്ടുകൾ |
| 5 | ഒക്ടോബർ | • കേരളീയകലകൾ<br>• കേരള കലാമണ്ഡലം<br>• [illegible] |

| ക്രമ നമ്പർ | കാലയളവ് | പ്രവർത്തനങ്ങൾ. |
| --- | --- | --- |
| 6 | നവംബർ | • പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങൾ<br>• ചരിത്ര സ്മാരകങ്ങൾ |
| 7 | ഡിസംബർ | • കേരളത്തിലെ നവോത്ഥാന നായകന്മാരെ പരിചയപ്പെടുത്തൽ. |
| 8 | ജനുവരി | • കേരളത്തിലെ പൊതു മേഖലാ സ്ഥാപനങ്ങളെ കുറിച്ചുള്ള അറിവ് നേടൽ |
| 9 | ഫെബ്രുവരി | • കേരളത്തിലെ കാലാവസ്ഥ<br>• കേരളത്തിലെ മഴക്കാലങ്ങൾ |
| 10 | മാർച്ച് | • കേരളം വിവിധ രംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് അവബോധം (വിദ്യാഭ്യാസം, ആരോഗ്യം etc.) |

Scanned with CamScanner

Std: IV

Subject: English

Aim: To Read and Write English without any mistake

June - August

Listening skills

Games
Action songs
Conversation
Skit, Stories

Speaking skills

* Identifying the naming words from the picture
* Identifying the action words from the picture
* Make simple sentences using the naming words and action words
* Make simple description about the picture
* Self introduction.

Scanned with CamScanner

## SEPTEMBER - OCTOBER

### Reading skills

* News paper reading.
* Library book reading
* Find words
* Collect and read past tense
* rhyming words
* Describing words

## NOVEMBER - DECEMBER

### Writing skills

* Make word web
* Picture description with describing words
* Add more lines
* Develop stories

## JANUARY - MARCH

Description

Notice

Thoughts

Speech

Diary

Scanned with CamScanner

Std : V

# മലയാളം

| ലക്ഷ്യം :- | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| • പാഠങ്ങളിൽ ആശയ ഗ്രഹണ വായന ഉറപ്പാക്കൽ. | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ, പുസ്തകങ്ങൾ എന്നിവ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഭാഷാ ശുദ്ധി വരുത്തുകയും ചെയ്യുന്നു. | ജൂൺ |
| • കുട്ടികളുടെ അടിസ്ഥാന ശേഷി വികാസത്തിലൂടെ ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടുന്ന കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂലൈ |
| • സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും അഭിരുചി വളർത്തുക' സർഗ്ഗശേഷി വളർത്തുക. | - സാഹിത്യകാരെ പരിചയപ്പെടുത്തൽ<br>- സാഹിത്യ കൃതികൾ പരിചയപ്പെടുത്തൽ - വായന.<br>- സാഹിത്യകാരുടെ ചിത്രം ശേഖരിക്കൽ - ആൽബം<br>- കഥ, കവിത, നാടകം. | ആഗസ്റ്റ് |

Scanned with CamScanner

| | | |
|---|---|---|
| • [illegible] [illegible] തയ്യാറാക്കൽ. | • വായന<br>• കഥാ ഭാഗങ്ങളിൽ ഏർപ്പെടൽ<br>• അവതരണം.<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ.<br>• ചെറു നാടകങ്ങൾ തയ്യാറാക്കൽ - അവതരണം<br>• ക്ലാസിൽ [illegible]. | വർക്ക് ഷീറ്റുകൾ |
| • അഭിനയത്തോട് കൂടാതെ [illegible] [illegible] ഏർപ്പെടൽ. | • വിവരണങ്ങൾ<br>• കുറിപ്പ്<br>• വരികൾ കണ്ടെത്തൽ<br>• ഡയറി എഴുത്ത്<br>• കോപ്പി എഴുത്ത് | |
| • ഈണം, താളം, ഭാവം ഇവ ചേർത്ത് കവിതകൾ ചൊല്ലൽ. | • കവിതാ ശേഖരണം<br>• സമാന വരികൾ കണ്ടെത്തൽ<br>• കവിതാലാപനം<br>• ചർച്ച<br>• സ്വന്തം കവിതാ രചന<br>• വരികൾ കൂട്ടിച്ചേർത്ത് ആലാപനം. | |

Scanned with CamScanner

# ഗണിതം

V

## ആമുഖം

വസ്തുക്കളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് ഗണിത പഠന സമീപനം. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിത ശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. അർത്ഥപൂർണ്ണമായ ആശയ രൂപീകരണത്തിലൂടെ കുട്ടികളെ യുക്തി ചിന്ത വികസിപ്പിക്കുന്ന ഗണിത പഠന സമീപനമാണ് നാം സ്വീകരിക്കുന്നത്.

## ലക്ഷ്യങ്ങൾ

→ അടിസ്ഥാന ഗണിത ശേഷികൾ എല്ലാം കുട്ടികളിലും ഉറപ്പാക്കുക

→ ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക

→ ഗണിത ശേഷികൾ നേടിയെടുക്കുക

→ ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

→ യുക്തി ചിന്ത, ഗണിതചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക

→ നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്

→ വിവരങ്ങളെ വ്യാഖ്യാനിക്കുന്നതിനും പ്രതിരൂപാത്മകമായി ചിത്രീകരിക്കുന്നതിനും ഉള്ള കഴിവ് നേടുക

Scanned with CamScanner

# ഗണിതം

V

## ജൂൺ

* ചരിഞ്ഞ വരകളും കുത്തനെയുള്ള വരകളും ഗണിതാശയങ്ങൾ ഉൾപ്പെടുത്തി ചതുർഭുജം നിർമ്മിക്കുന്നു.
* കോമ്പസ് ഉപയോഗിച്ച് വ്യത്യസ്ത വലുപ്പമുള്ള വൃത്തങ്ങൾ വരച്ച് വൃത്തകേന്ദ്രവും ആരവും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നു.
* വ്യത്യസ്ത വൃത്ത പാറ്റേണുകൾ മനസ്സിലാക്കി വരയ്ക്കുന്നു.
* ടാൻഗ്രാം നിർമ്മിക്കുന്നു.

## ജൂലൈ

* വലിയ സംഖ്യകൾ വായിക്കാനുള്ള കഴിവ് നേടുന്നു.
* സംഖ്യയിലെ ഒരു അക്കത്തിന്റെ സ്ഥാനം ഇടത്തോട്ട് നീങ്ങുമ്പോൾ സംഖ്യയിൽ അത് പത്തുമടങ്ങാകുന്നു.
* നിത്യ ജീവിതത്തിൽ വലിയ സംഖ്യകളുടെ പ്രയോജനം മനസ്സിലാക്കുന്നു.
* സംഖ്യാ റിബൺ നിർമ്മിക്കുന്നു.

## ആഗസ്റ്റ്

* സംഖ്യകളെ പരിചയപ്പെടുത്തി ഗുണനഫലം കണക്കാക്കുന്നു.
* രണ്ട് സംഖ്യകളുടെ ഗുണനഫലത്തിൽ നിന്ന് അതുമായി ബന്ധപ്പെട്ട മറ്റു പല സംഖ്യകളുടെയും ഗുണനഫലം ഗുണിക്കാതെ കണ്ടെത്തുന്നു.
* സമചതുര സംഖ്യകളെ എണ്ണൽ സംഖ്യകളുടെ തുകയായി പിരിച്ചെഴുതുന്നു.

Scanned with CamScanner

## സെപ്റ്റംബർ

- ഹരണം എന്ന ക്രിയ ഗുണനഫലം എന്ന ക്രിയയുടെ വിപരീതമാണ്.
- ഗുണനഫലങ്ങൾ പലതും കുറച്ച് ഹരണക്രിയ ചെയ്യുന്നു.
- ഒരു സംഖ്യയെ മറ്റൊരു സംഖ്യയുടെ മടങ്ങും ശിഷ്ടവുമായി പിരിച്ചെഴുതുന്നു.

## ഒക്ടോബർ

- ഒരു വസ്തുവിനെയോ ഒരു അളവിന്റെ ഏകകത്തെയോ തുല്യഭാഗങ്ങളാക്കി അവയിൽ ചിലത് എടുക്കുന്നതിനെ സൂചിപ്പിക്കുന്നതാണ് ഭിന്നസംഖ്യകൾ
- പല രൂപത്തിലുള്ള ഭിന്നസംഖ്യകൾ സൂചിപ്പിക്കുന്നത് ചിലപ്പോൾ ഒരേ അളവിനെയാകാം
- എണ്ണൽ സംഖ്യകളും ഭിന്നസംഖ്യകളും ചേർന്നുവരുന്ന സന്ദർഭങ്ങൾ സൂചിപ്പിക്കുന്ന സംഖ്യകൾ പറയാനും എഴുതാനും കഴിയുന്നു.

## നവംബർ

- ക്ലോക്ക്, വാച്ച് എന്നിവ നോക്കി സമയം കണക്കാക്കുന്നു.
- സമയത്തിന്റെ വിവിധ യൂണിറ്റുകൾ തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു.
- സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സമയദൈർഘ്യം ഊഹിച്ച് പറയുന്നു.
- വിവിധ കലണ്ടർ പരിചയപ്പെടുന്നു.

Scanned with CamScanner

## ഡിസംബർ

* ദശാംശരൂപത്തിലെഴുതിയ അളവുകളെ വ്യാഖ്യാനിക്കുന്നു.
* അളവുകളെ ഭിന്നസംഖ്യാരൂപത്തിലും ദശാംശരൂപത്തിലും പരിചയപ്പെടുന്നു.
* ദശാംശരൂപത്തിലുള്ള അളവുകളെ ഭിന്നസംഖ്യാരൂപത്തിലും ഭിന്നരൂപത്തിലും മാറ്റുന്നു.
* നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു

## ജനുവരി

* ഭിന്നസംഖ്യകളെ ഒന്നിന്റെ ഭാഗമായും ഹരണമായും വ്യാഖ്യാനിക്കുന്നു.
* മുഴുവൻ ഭാഗവും ചേർന്ന ഭിന്നസംഖ്യകളെ വിശദീകരിക്കുന്നു അവയെ കൂട്ടത്തിന്റെ ഭാഗമായി എഴുതുന്നു.
* ഭിന്നവും ഹരണവുമായുള്ള ബന്ധം മനസ്സിലാക്കുന്നു
* ഹരിക്കുമ്പോൾ ശിഷ്ടം വരുന്നത് എഴുതുന്ന രീതി മനസ്സിലാക്കി എഴുതുന്നു.
* ഭിന്നസംഖ്യകളെ ഹരണത്തിന്റെ ഭാഗമായി വിശദീകരിക്കുന്നതിന് കഴിയുന്നു.

## ഫെബ്രുവരി

* രണ്ട് സംഖ്യകളുടെ തുകയെ ഒരു സംഖ്യകൊണ്ട് ഗുണിക്കുമ്പോഴും ഓരോ സംഖ്യയെയും വെവ്വേറെ ഗുണിച്ച് കൂട്ടുമ്പോഴും കിട്ടുന്ന ഗുണന ഫലത്തിന്റെ സവിശേഷത മനസ്സിലാക്കുന്നു
* രണ്ട് സംഖ്യകളുടെ വ്യത്യാസത്തെ ഒരു സംഖ്യകൊണ്ട് ഗുണിച്ചതും ഓരോ സംഖ്യയെയും വെവ്വേറെ ഗുണിച്ച്

Scanned with CamScanner

വ്യത്യാസം കണ്ടു. ഒരേ ഉത്തരമാണ് വരുന്നത് ബോധ്യമാകുന്നു.

* സമാന്തരരേഖകളുടെ ചിത്രത്തിന്റെ വിവിധഭാഗങ്ങൾ വിശകലനം ചെയ്യുന്നു.

* മാർച്ച്

* സംഖ്യകളും അവയുടെ ഗുണിതവും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു.
* സംഖ്യകളും അവയുടെ ഘടകവും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു.
* ഗുണിതങ്ങളും ഘടകങ്ങളും തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്തുന്നു.
* ഘടകങ്ങളിൽ നിന്നും പൊതു ഘടകം കണ്ടെത്തുന്നു.
* പട്ടികകൾ വിശകലനം ചെയ്യുന്നു.
* വിവരങ്ങളെ പട്ടികപ്പെടുത്തുന്നു.

V

English V

Aim

- To encourage Listening and speaking
- To encourage Reading, develop basic reading writing, listening and speakin skills.
- To develop basic Grammar rules.
- Introduce different types of writing:
  narrative, descriptive, persuasive etc.

Speaking Skills

- Interactive story telling sessions discussing themes, characters and plots to enhance listening skills.
- Group discussions and role-plays to improve speaking skills.

Reading skills

- Encourage students to take turns reading aloud and share their interpretations and reactions to the text.
- Each group reads the assigned text together and discusses key elements like plot, characters and themes.

Scanned with CamScanner

## Listening

Listening comprehension exercises using audio stories.

## Speaking

Debates and presentations for advanced speaking practice.

Worksheets on parts of speech, punctuation and sentence types.

## Improve Sentence Structure

practice for simple creative writing tasks like descriptive paragraphs, Short Stories and simple poetry.

Scanned with CamScanner

# സോഷ്യൽ സയൻസ്

## ലക്ഷ്യങ്ങൾ

- സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ
- പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കൽ.
- ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തൽ
- പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു.
- സഹജീവികളോട് സദ്ഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.
- റോഡ് സുരക്ഷയെ കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു.

## പ്രവർത്തനങ്ങൾ

- നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് കുട്ടികളിലെത്തിക്കുന്നു.
- ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു

Scanned with CamScanner

- ജനാധിപത്യത്തിന്റെ അടിസ്ഥാനതത്വം മനസ്സിലാക്കുന്നു.
- ഭൂകമ്പം, സുനാമി, വെള്ളപ്പൊക്കം, കൊടുങ്കാറ്റ് ഉരുൾപൊട്ടൽ എന്നിവയുടെ ദൃശ്യങ്ങൾ ICT സഹായത്തിലൂടെ കാട്ടിക്കൊടുത്തുകൊണ്ടും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു.

ഫീൽഡ് ട്രിപ്പ്

കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിക്കാൻ അവസരം നൽകുന്നു.

- ചോദ്യോത്തരവേളകൾ ക്ലാസുകളിൽ സംഘടിപ്പിക്കുന്നു.

Scanned with CamScanner

| ക്രമ നമ്പർ | കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | ജൂൺ ജൂലൈ | • ഇന്ത്യ – സംസ്ഥാനങ്ങൾ – തലസ്ഥാനങ്ങൾ<br>• ഭൂപടത്തിൽ വിവിധ സംസ്ഥാനങ്ങളുടെ സ്ഥാനം<br>• ഇന്ത്യ - അതിർത്തികൾ<br>• കേന്ദ്രഭരണ പ്രദേശങ്ങൾ |
| 2 | ആഗസ്റ്റ് | • പ്രധാന ഭാഷകൾ<br>• കലാരൂപങ്ങൾ |
| 3 | സെപ്റ്റംബർ | • പ്രധാന നദികൾ, പർവ്വതങ്ങൾ<br>• പ്രധാന കാർഷിക വിളകൾ |
| 4 | ഒക്ടോബർ നവംബർ | • ചരിത്ര സ്മാരകങ്ങൾ<br>• വിനോദസഞ്ചാര കേന്ദ്രങ്ങൾ<br>• അണക്കെട്ടുകൾ<br>• പ്രധാന ഊർജ്ജ നിലയങ്ങൾ<br>• ഇന്ത്യയിലെ ഭൂപ്രകൃതി |
| 5 | ഡിസംബർ | • പ്രധാന മതങ്ങൾ<br>• ആഘോഷങ്ങൾ |

Scanned with CamScanner

| ക്രമനമ്പർ | കാലയളവ് | പ്രവർത്തനങ്ങൾ |
| --- | --- | --- |
| 6 | ജനുവരി | ദേശീയ ചിഹ്നങ്ങൾ<br>ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനികൾ / ആൽബം |
| 7 | മാർച്ച് - ഏപ്രിൽ | സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ<br>* വാഗൺ ട്രാജഡി<br>* ജാലിയൻ വാലാബാഗ് കൂട്ടക്കൊല<br>* ഉപ്പു സത്യാഗ്രഹം<br>* ക്വിറ്റിന്ത്യാ സമരം<br>* നിസ്സഹകരണ പ്രസ്ഥാനം. |
| | | |

Scanned with CamScanner

Std: V

## വിഷയം: അടിസ്ഥാന ശാസ്ത്രം

### ആമുഖം:

അഞ്ചാം ക്ലാസിലേക്കായി പ്രധാനമായും മൂന്ന് മേഖലകളാണ് തെരഞ്ഞെടുത്തത്. സസ്യങ്ങൾ- അവയുടെ ഭാഗങ്ങൾ- ധർമ്മങ്ങൾ, ആരോഗ്യം- പരിപാലനം - മുൻകരുതലുകൾ, ഇന്ത്യൻ ബഹിരാകാശ ഗവേഷണം. അപ്പർ പ്രൈമറി ക്ലാസുകളിലേക്ക് എത്തിയ കുട്ടികളിൽ അത്യാവശ്യം ഉണ്ടായിരിക്കേണ്ട ബോധ്യങ്ങളും മനോഭാവങ്ങളും ഉണ്ടാകുന്നതിന് ഈ പ്രവർത്തനങ്ങൾ സഹായകമാകും. ശാസ്ത്രബോധമുള്ള സമൂഹത്തിന് ഉതകുന്നവരുമായ ആരോഗ്യമുള്ള ഒരു തലമുറ ഉയർന്നുവരുന്നതിന് ഈ മേഖലകളിലുള്ള പഠനം ഉപകരിക്കും.

Scanned with CamScanner

## ലക്ഷ്യങ്ങൾ

(1) സസ്യങ്ങളുടെ വിവിധ ഭാഗങ്ങൾ, അവയുടെ പ്രത്യേകതകൾ എന്നിവ നിരീക്ഷിച്ചും, പട്ടികപ്പെടുത്തിയും, വർഗ്ഗീകരിച്ചും കണ്ടെത്തി, നിഗമനങ്ങളിൽ എത്തിച്ചേരുന്നു.

(2) ആരോഗ്യസംരക്ഷണത്തിന് വ്യായാമം, ശുചിത്വ ശീലങ്ങൾ, പോഷകാഹാരം, വിശ്രമം, പ്രതിരോധ മാർഗങ്ങൾ എന്നിവയെല്ലാം എങ്ങനെ സഹായിക്കുന്നു എന്ന് കണ്ടെത്തുക

(3) ശരിയായ ആരോഗ്യ-ആഹാര ശീലങ്ങൾ പ്രാവർത്തികമാക്കുക.

(4) ശാസ്ത്രബോധം വളർത്തുക.

(5) ശാസ്ത്രജ്ഞന്മാരെക്കുറിച്ച് കൂടുതൽ അറിയുക.

(6) ശാസ്ത്ര- ഗവേഷണങ്ങളിൽ താൽപര്യം ഉളവാക്കുക.

Scanned with CamScanner

| ക്രമനമ്പർ | കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | <u>സസ്യഭാഗങ്ങൾ</u><br>• സസ്യജാലങ്ങളെ തിരിച്ചറിയാൻ<br>• ഇലകളുടെ വിന്യസിച്ചിരിക്കുന്ന രീതി കണ്ടെത്താൻ<br>• പട്ടികപ്പെടുത്താൻ<br>• വർഗ്ഗീകരണം.<br>• ആശയം വ്യക്തമാക്കാൻ<br>• വിവിധതരം വേരുകൾ<br>• അവയുടെ ധർമ്മങ്ങൾ<br>• ചിത്രം ശേഖരിക്കൽ.<br>• വിവിധയിനം പൂക്കളുടെ പട്ടിക തയ്യാറാക്കി തരം തിരിക്കുന്നു (ഒറ്റയായി കാണുന്നവ, കുലകളായി കാണുന്നവ<br>• കായ്കളിലെ വിത്തുകൾ ഒറ്റപരിപ്പ്, ഇരട്ടപരിപ്പ് എന്നിങ്ങനെ വേർതിരിക്കുന്നു. |
| 2 | സെപ്റ്റംബർ | <u>ആരോഗ്യസംരക്ഷണം</u><br>• പഞ്ചേന്ദ്രിയ സംരക്ഷണം<br>• പോഷകാഹാരങ്ങൾ<br>• ഡെഫിഷ്യൻസി ഡിസീസസ് |

Scanned with CamScanner

| ക്ലാസുകൾ | കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|---|
| | ഒക്ടോബർ<br>നവംബർ | • രോഗവാഹികളെ കണ്ടെത്തൽ<br>• ശരിയായ ആഹാര ആരോഗ്യ ശീലങ്ങൾ – പോസ്റ്റർ നിർമ്മാണം<br>• ആരോഗ്യസംരക്ഷണത്തിൽ പ്രതിരോധകുത്തിവയ്പ്പുകളുടെ പ്രാധാന്യം.<br>• ആരോഗ്യവും - വ്യായാമവും.<br>• ആരോഗ്യത്തിന് വിശ്രമം, വ്യായാമം, ആഹാരരീതികൾ, ശുചിത്വശീലങ്ങൾ എന്നിവയെല്ലാം എങ്ങനെ സഹായിക്കുന്നുവെന്ന് കണ്ടെത്തുക. |
| | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | ഇന്ത്യ - ബഹിരാകാശ പഠനം<br>• ഇന്ത്യൻ ബഹിരാകാശസഞ്ചാരികൾ<br>• ഇന്ത്യൻ - ഗവേഷണ കേന്ദ്രങ്ങൾ<br>• ഇന്ത്യൻ - ബഹിരാകാശ ശാസ്ത്രജ്ഞർ<br>• ഇന്ത്യൻ - കൃത്രിമോപഗ്രഹങ്ങൾ<br>• ചന്ദ്രയാൻ, മംഗൾയാൻ, ഗഗൻയാൻ<br>• വാർത്തകൾ ശേഖരിക്കൽ<br>• ആൽബം തയ്യാറാക്കൽ<br>• ചിത്രപ്പെടുത്തൽ<br>• പദപ്രശ്നങ്ങൾ നിർമ്മിക്കൽ |

Scanned with CamScanner

# ആരോഗ്യ കലാ കായിക വിദ്യാഭ്യാസം

ഒരു വ്യക്തിയുടെ വികാസ പ്രക്രിയയിൽ ആരോഗ്യ കല കായിക വിദ്യാഭ്യാസം നല്ലൊരു പങ്ക് വഹിക്കുന്നു. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവുമായ വികാസത്തിന് കായിക വിദ്യാഭ്യാസ പാഠ്യപദ്ധതി അവസരം ഒരുക്കുന്നു.

ലക്ഷ്യങ്ങൾ

- യോഗപരിശീലനത്തിലൂടെ ശാരീരിക മാനസികക്ഷമത കൈവരിക്കുന്നു.
- മാനസിക സമ്മർദ്ദം കുറയ്ക്കാൻ സഹായിക്കുന്നു.
- ശാരീരികാരോഗ്യവും, മാനസികാരോഗ്യവും കൈവരിക്കുന്നു

പ്രവർത്തനങ്ങൾ

- ചില ശേഷികളുടെ അവതരണം
- വിവിധ വ്യായാമങ്ങളുടെ വീഡിയോ പ്രദർശനം
- വിവിധ കായിക ഉപകരണങ്ങൾ പരിചയപ്പെടുന്നു.

Scanned with CamScanner

हिंदी

कक्षा 5 के लिए हिंदी विषय का शैक्षणिक मास्टर प्लान छात्रों को हिंदी भाषा में प्रवीणता प्राप्त करने, सांस्कृतिक समझ विकसित करने और प्रभावी ढंग से संवाद करने में मदद करने के लिए डिजाइन किया गया है।

शैक्षणिक मास्टर प्लान

1. भाषा विकास :

श्रवण :

छात्रों को विभिन्न प्रकार की हिंदी कहानियाँ, कविताएँ और वार्तालाप सुनने के अवसर प्रदान करना।

भाषण :

छात्रों को कक्षा में और कक्षा के बाहर हिंदी में बोलने के लिए प्रोत्साहित करना, जैसे कि समूह चर्चा वाद विवाद और प्रस्तुतीकरण।

Scanned with CamScanner

पठन

छात्रों को हिंदी में सरल कहानियाँ, कविताएँ और लेख पढ़ने के लिए प्रोत्साहित करना, साथ ही पठन कौशल को विकसित करने के लिए विभिन्न रणनीतियों का उपयोग करना।

लेखन

छात्रों को हिंदी में सरल वाक्य, अनुच्छेद, और पत्र लिखने के लिए प्रोत्साहित करना।

2. व्याकरण :

वाक्य रचना

छात्रों को सरल और संयुक्त वाक्य बनाना सिखाना।

विराम चिन्ह

छात्रों को हिंदी में सही विराम चिन्ह का उपयोग करना सिखाना।

3. मूल्यांकन

लिखित परीक्षा

छात्रों के ज्ञान और समझ का मूल्यांकन करने के लिए लिखित परीक्षा आयोजित करना।

Scanned with CamScanner

मौखिक परीक्षा

छात्रों के ज्ञान और समझ का मूल्यांकन करने के लिए मौखिक परीक्षा आयोजित करना।

परियोजना कार्य

छात्रों को हिंदी भाषा और साहित्य से संबंधित परियोजनाओं को पूरा करने के लिए प्रोत्साहित करना।

4 सहायक संसाधन

कहानियों की किताबें

छात्रों को पढ़ने के लिए विभिन्न प्रकार की हिंदी कहानियों की किताबें प्रदान करना।

कविता संग्रह

छात्रों को पढ़ने और याद करने के लिए विभिन्न हिंदी कविताओं के संग्रह प्रदान करना।

ऑडियो - विजुअल सामग्री

छात्रों को हिंदी भाषा सीखने में मदद करने के लिए ऑडियो और वीडियो सामग्री का उपयोग करना।

Scanned with CamScanner

यह मास्टर प्लान छात्रों को हिंदी भाषा में प्रवीणता प्राप्त करने, सांस्कृतिक समझ विकसित करने, और प्रभावी ढंग से संवाद करने में मदद करने के लिए एक व्यापक दृष्टिकोण प्रदान करता है।

Scanned with CamScanner